**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – എറണാകുളം ജില്ല – ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് - പൊതുശ്മശാന ഉദ്ഘാടനം - തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.498/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 21/02/2018

പരാമർശം:- ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29/01/2018 ലെ എ 1-11180/2017 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത് പൊതുശ്മശാനം 27/10/2017 തീയതിയിൽ ഉദ്ഘാടനം നടത്തിയെന്നും ടി പരിപാടി നടത്തിയ വകയിൽ 25000/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതാണെന്നും, എന്നാൽ ഇനിയും 30000 രൂപയുടെ ചെലവിന്റെ ബില്ലുകൾ പഞ്ചായത്തിൽ ലഭിച്ചിതിനാൽ ടി തുക കൂടി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത് പൊതുശ്മശാനം ഉദ്ഘാടനത്തിനായി അധികമായി ചെലവായ 30,000/- (മുപ്പതിനായിരം രൂപ) തനത് ഫണ്ടിൽ അനുവദിക്കുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി. ജെ. ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
പ്രസിഡന്റ്/സെക്രട്ടറി, ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്, ചേന്ദമംഗലം - 683512, നോർത്ത് പറവൂർ, എറണാകുളം.
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.